# കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ

ഹാജർ : ജസ്റ്റിസ് അലക്സാണ്ടർ തോമസ്
ബഹു. ചെയർപേഴ്സൺ

**എച്ച്. ആർ.എം.പി നമ്പർ : 5000/11/12/2024/TVM**

പരാതികക്ഷി

ലീല മണി എൽ
അരുണോദയ്, STRA 187
വടക്കുംഭാഗം, കഴക്കൂട്ടം പി.ഒ
തിരുവനന്തപുരം

എതിർകക്ഷി

**ഉത്തരവ് തീയതി: 15. 09. 2025**

തൊട്ടടുത്തുള്ള നികുഞ്ജം പാർക്ക് അപ്പാർട്ട്മെന്റ് എന്ന ഫ്ലാറ്റ് അധികൃതർ പരാതികക്ഷിയുടെ compound wall നോട് ചേർത്ത് അനധികൃതമായി കുഴി നിർമ്മിച്ച് മലിനജലം ഒഴുക്കി compound wall നും വീടിന്റെ basement നും നാശനഷ്ടമുണ്ടാക്കുന്നെന്നും ജീവന് ഭീഷണിയാണെന്നും പാരിസ്ഥിതിക മലിനീകരണത്തേയും സൃഷ്ടിക്കുന്നെന്നും കിണർ ജലം മലിനമാകുന്നെന്നും വാട്ടർ testingനും 45000/- രൂപയും compound wall, വീടിന്റെ basement ന്റെ നാശനഷ്ടത്തിന് 3,30,000/- രൂപയും നഷ്ടപരിഹാരം വേണമെന്നുമാണ് പരാതി.

2. തിരുവനന്തപുരം നഗരസഭ സെക്രട്ടറി 21.08.2024 ലെ റിപ്പോർട്ട് ഫയൽ ചെയ്തു. പരാതികക്ഷിയുടെ കിണറിൽ നിന്നും 5.10 മീറ്റർ മാത്രം അകലത്തിൽ എതിർകക്ഷി അപാർട്ട്മെന്റ് അവരുടെ പുരയിടത്തിൽ ലീച്ച് പിറ്റ് / സോക്ക് പിറ്റ് നിർമ്മിച്ചെന്നും KMBR പ്രകാരം 7.50 മീറ്റർ അകലം വേണമെന്നും ടി സോക്ക് പിറ്റ് നിർമ്മിച്ചിരിക്കുന്ന എതിർകക്ഷിയുടെ പുരയിട അതിർത്തിയോട് ചേർന്ന് പരാതികക്ഷി 22.65 ചതുരശ്ര മീറ്റർ വിസ്തൃതിയുള്ള 2 നില കെട്ടിടം പണിതിട്ടുണ്ടെന്നും ടി ഭാഗത്തെ മതിലിന് കേടുപാടുകൾ സംഭവിച്ചതായി കാണുന്നുവെന്നും എതിർകക്ഷി ഈ ഭാഗത്ത് ഭാഗികമായ അറ്റകുറ്റ പണി നടത്തിയിട്ടുണ്ടെന്നും പരാതികക്ഷിയുടെ ടി കെട്ടിട നിർമ്മാണം അനധികൃതമാണെന്ന് കാണുന്നുവെന്നും KMBR ചട്ടം ലംഘിച്ച് നിർമ്മിച്ച സോക്ക് പിറ്റ് പൊളിച്ചു മാറ്റുന്നതിന് 21.08.2024 ന് നികുഞ്ജം അപാർട്ട്മെന്റിന് നോട്ടീസ് നൽകിയിട്ടുണ്ടെന്നും പരാതികക്ഷിയുടെ കെട്ടിട നിർമ്മാണം സംബന്ധിച്ച് പെർമിറ്റ് / ടി.സി നമ്പർ നൽകിയ രേഖകൾ ഹാജരാക്കാനും അല്ലാത്ത പക്ഷം അനധികൃതമായി കണക്കാക്കുമെന്നും കാണിച്ച് പരാതികക്ഷിക്കും 21.08.2024 ന് നോട്ടീസ് നൽകിയിട്ടുണ്ടെന്നുമാണ് റിപ്പോർട്ട്.

3. പരാതി പരിഗണനക്കെടുത്ത എല്ലാ സമയം പരാതികക്ഷി ഹാജരായി. നിയമപരമായിട്ടാണ് തങ്ങൾ നിർമ്മാണം നടത്തിയിരിക്കുന്നതെന്നും നിയമാനുസരണമുള്ള അകലം പാലിക്കാതെയാണ് എതിർകക്ഷി മലിനജലക്കുഴി സ്ഥാപിച്ചിരിക്കുന്നതെന്നും നഗരസഭ നോട്ടീസ് കൊടുത്തിട്ടും പരിഹരിച്ചിട്ടില്ലെന്നും ടിയാൻ ബോധിപ്പിച്ചു. ഹർജിക്കാരി സംഭവസ്ഥലത്തിന്റെ ഫോട്ടോയും കാണിച്ചു. കേരള മുൻസിപാലിറ്റീസ് ആക്ട് & റൂൾസ് പ്രകാരം 7.5 മീറ്റർ അകലം പാലിക്കേണ്ടതാണെന്നും അതില്ലാത്തതിനാൽ എതിർകക്ഷിക്ക് നോട്ടീസ് കൊടുത്തതായും നഗരസഭ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ആ സ്ഥിതിക്ക് പ്രസ്തുത നോട്ടീസ് നടപടികൾ പൂർത്തിയാക്കി പരാതി പരിഹരിക്കാനുള്ള നിയമപരമായ ബാധ്യത നഗരസഭ സെക്രട്ടറിക്കുണ്ട്. ആയതിനാൽ ഒരു മാസത്തിനകം നടപടികൾ പൂർത്തിയാക്കി പരാതി പരിഹരിക്കണം. പരാതികക്ഷിയുടെ അനധികൃത നിർമ്മാണം സംബന്ധിച്ച് ഏതെങ്കിലും നടപടികൾ സ്വീകരിക്കണമെങ്കിൽ ആ നടപടികൾക്കായി ടിയാളെ നേരിൽ കേൾക്കുന്നതിനും തെളിവുകൾ ഹാജരാക്കുന്നതിനും അവസരം കൊടുക്കണം. ടി നിർദ്ദേശത്തോടെ പരാതി കമ്മീഷൻ തീർപ്പാക്കുന്നു. ഈ ഉത്തരവിന്റെ പകർപ്പ് പരാതികക്ഷിക്കും നഗരസഭ സെക്രട്ടറിക്കും അയക്കുക.

( ഒപ്പ് )
ജസ്റ്റിസ് അലക്സാണ്ടർ തോമസ്
ചെയർപേഴ്സൺ

(ശരിപ്പകർപ്പ് )

രജിസ്ട്രാർ.